LIBRARY ARCHIVES Kerala Legislative Assembly

പരവൂർ പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർക്കെതിരെ നടപടി വേണമെന്ന ആവശ്യം

202 (3836) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ പരവൂർ പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറുടെ പൊതുപ്രവർത്തകനോടുള്ള മോശപ്പെട്ട പെരുമാറ്റം, ഇതര നടപടികൾ എന്നീ പ്രവൃത്തികൾ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് രാജു.ഡി, മാവിളവീട്, പൂതക്കുളം എന്നയാൾ നൽകിയ പരാതി ലഭിച്ചിരുന്നുവോ ; വിശദാംശം അറിയിക്കാമോ ;

(ബി) പ്രസ്തുത പരാതി അന്വേഷിക്കുവാൻ ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയതെന്നും നാളിതുവരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ ;

(സി) പൊതുപ്രവർത്തകരോടും പൊതുജനങ്ങളോടും വളരെ മോശമായി പെരുമാറുകയും ആക്ഷേപിക്കുകയും ചെയ്യുന്ന പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് ഒരു പരാതി ലഭിച്ചിട്ടുണ്ട്. ടി പരാതിയിന്മേൽ അന്വേഷണം നടത്തിവരുന്നു.

(ബി) പരവൂർ സർക്കിൾ ഇൻസ്പെക്ടറെ അന്വേഷണച്ചുമതല ഏൽപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച അന്വേഷണം നടത്തിവരുന്നതിനാൽ ഇപ്പോൾ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ സാധിക്കുകയില്ല.

(സി) അന്വേഷണത്തിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തിയാൽ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാന പോലീസ് സർവ്വീസിലെ ക്രിമിനൽ പശ്ചാത്തലമുള്ളവർ

203 (3837) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സർവ്വീസിൽ ഗുണ്ടാ-മാഫിയ ബന്ധമുള്ളവരും ക്രിമിനൽ പശ്ചാത്തലമുള്ളവരുമായ എത്ര ഉദ്യോഗസ്ഥരാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) നിലവിൽ ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(സി) കൈക്കൂലി വാങ്ങുന്ന പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തി മാതൃകാപരമായ ശിക്ഷ നൽകുന്നതിന് നിലവിൽ പോലീസ് വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) മൂന്ന് പോലീസ് ഉദ്യോഗസ്ഥർക്ക് ഗുണ്ടാ-മാഫിയ ബന്ധമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇത്തരം കേസുകളിൽ കർശനമായ അച്ചടക്ക/ക്രിമിനൽ നടപടികൾ സ്വീകരിക്കുകയും സർവ്വീസിൽനിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷകൾ നൽകുകയും ചെയ്യുന്നുണ്ട്.

(സി) കൈക്കൂലി വാങ്ങുന്ന പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിനായി പോലീസ് സ്പെഷ്യൽ ബ്രാഞ്ച് ഫലപ്രദമായ നിരീക്ഷണം നടത്തിവരുന്നു. സംശയമുള്ള സംഗതികൾ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്തുകയും ആവശ്യമാണെന്നു കാണുന്ന പക്ഷം എൻക്വയറിക്കായി വിജിലൻസ് വകുപ്പിന് കൈമാറുകയും ചെയ്യുവരുന്നു.

പോലീസ് സേനയിലെ കുറ്റവാസനയ്ക്ക് പരിഹാരം

204 (3838) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ സിവിൽ പോലീസ് ഓഫീസർമാർ മുതൽ ഐ.പി.എസ്. തലംവരെയുള്ള വിഭാഗത്തിൽ വർദ്ധിച്ചുവരുന്ന കുറ്റവാസനയ്ക്ക് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സർക്കാരിന്റെ ആലോചനയിലുണ്ടോ ;

(ബി) പോലീസ് സേനയെ യഥാർത്ഥ ജനസേവകരാക്കാനുതകുന്ന പരിശീലന ക്ലാസ്സുകൾ നൽകാൻ സർക്കാർ തയ്യാറാകുമോ ;

(സി) പോലീസ് സേനയിൽ തെരഞ്ഞെടുക്കപ്പെടാനുള്ള മാനദണ്ഡങ്ങളിൽ ശാരീരിക യോഗ്യതയ്ക്കൊപ്പം മാനസികാരോഗ്യത്തിനും പ്രാധാന്യം നൽകുന്ന പരിശോധനകൾ നടപ്പിൽ വരുത്തുന്നത് ആലോചിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly